പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4419 — 27.06.2013 ൽ മറുപടിക്ക്

**അമിത വിതരണ കൂലി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.അജിത്; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിന് ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) വിതരണ ഏജൻസികളിൽ നിന്നും 5 കി.മീ ദൂരം വരെയുള്ള ഉപഭോക്താക്കളിൽ നിന്നും പാചക വാതക വിതരണ കൂലി ഈടാക്കാറില്ല. 5 കി.മീറ്ററിൽ അധികം ദൂരമുള്ള ഉപഭോക്താവിൽ നിന്നും അതാത് ജില്ലാ ഭരണാധികാരികൾ നിശ്ചയിക്കുന്ന പ്രകാരം ഉള്ള വിതരണ കൂലി ഈടാക്കുന്നു. വിതരണക്കൂലി ഓരോ ജില്ലയിലും അതിന്റെ ഭൂപ്രകൃതി അനുസരിച്ച് വ്യത്യസ്തമായിരിക്കും. |
| (ബി) സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; എത്ര കിലോമീറ്റർ വരെ സൗജന്യമായി സിലിണ്ടർ വിതരണം ചെയ്യുമെന്നും, തുടർന്നുള്ള കിലോമീറ്ററുകൾക്ക് എത്ര തുക വീതമാണ് ഈടാക്കുന്നതെന്നും വിശദമാക്കുമോ; | |
| (സി) ഉപഭോക്താക്കൾക്ക് നേരിട്ട് ഏജൻസിയിൽ ചെന്ന് സിലിണ്ടറുകൾ സ്വീകരിക്കാമോ എന്ന് വെളിപ്പെടുത്തുമോ; | (സി) ഡോർ ഡെലിവറി സംവിധാനമാണ് നിലവിലുള്ളത് |
| (ഡി) ഇത്തരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ പരാതി പരിഹാരത്തിന് സമീപിക്കേണ്ടത് ആരെയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇത്തരം സേവനങ്ങൾ ഉപഭോക്താവിന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉപഭോക്താവിന് ബന്ധപ്പെട്ട എണ്ണക്കമ്പനിയെയോ ജില്ലാ ഭരണകൂടത്തെയോ സർക്കാരിനെയോ സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ